LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന ആം ആദ്മി ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തുകയും സ.ഉ.(സാധാ)561/14/ മ.തു.വ. തീയതി 8-7-2014 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ആത്മഹത്യ ഒഴികെ ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും ആശ്രിതർക്ക് ധനസഹായമായി 30,000 രൂപ ലഭിക്കുന്നു. അപകടംമൂലമാണ് മരണപ്പെടുന്നതെങ്കിൽ 70,000 രൂപ ധനസഹായമായി ലഭിക്കുന്നു.

(ബി) കേരളത്തിലെ 309716 മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യ/അനുബന്ധ തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നു.

(ഡി) ആം ആദ്മി ബീമാ യോജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ലംപ്സം ഗ്രാന്റ്

113 (7676) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൽ എത്ര തുകയാണ് ലംപ്സം ഗ്രാന്റായി അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയും ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം 8 കോടി രൂപ അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്

114 (7677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് (ഗ്രാന്റ്) ഇപ്പോൾ ലഭിക്കാത്തതുമൂലം ഇവരുടെ വിദ്യാഭ്യാസം തന്നെ അവതാളത്തിലാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളത് ; ആകെ എന്തുതുക നൽകാനുണ്ട് ;

(സി) ഇവരുടെ സ്റ്റൈപ്പന്റ് കുടിശ്ശിക സഹിതം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കോളർഷിപ്പ് ലഭിക്കാത്തതുമൂലം മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം അവതാളത്തിലായിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് മുഴുവൻ അനുവദിച്ചു നൽകി. 2013-14 വർഷത്തിൽ 8 കോടി രൂപ വകയിരുത്തിയിരുന്നു. 8 കോടി രൂപയും കുട്ടികൾക്ക് അനുവദിച്ചു നൽകി. 2014-15 വർഷത്തിൽ 9 കോടി രൂപയാണ് ഇതിലേക്കായി വകയിരുത്തിയിട്ടുള്ളത്.

2012-13, 2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചെങ്കിലും ജില്ലകളിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ 20.56 കോടി രൂപ കുടിശ്ശികയുള്ളതായും ജില്ലാ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 9 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകി.

2012-13, 2013-14 വർഷങ്ങളിലെയും 2014-15 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ മൊത്തം 20.56 കോടി രൂപ കുടിശ്ശിക തീർക്കാനായി ആവശ്യമുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

പുതിയ വിമാനത്താവളങ്ങൾ

115 (7678) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ ;

(ബി) ആറന്മുള വിമാനത്താവള പദ്ധതി നിർദ്ദേശം പരിഗണിക്കുന്ന സമയത്ത് സർക്കാർ വേണ്ടത്ര പഠനങ്ങൾ നടത്തിയിരുന്നായെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly